**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 1564** **03.10. 2011-ൽ മറുപടിക്ക്.**

**ജനമൈത്രീ സുരക്ഷാ പദ്ധതി സംസ്ഥാന അവലോകനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. എം. എ. വാഹീദ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ജനമൈത്രീ സുരക്ഷാ പദ്ധതി തുടരുന്നതിനെക്കുറിച്ച് അഭിപ്രായമെന്താണ് ;<br><br>(ബി) ഈ പദ്ധതി എത്ര പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | : (എ) & (ബി)<br>ജനമൈത്രീ സുരക്ഷാ പദ്ധതി മൂന്നുഘട്ടങ്ങളിലായി 148 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി തുടരാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) ഇതിനായി ഓരോ പോലീസ് സ്റ്റേഷനിലും എത്ര തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ; | : (സി) ഒരു പോലീസ് സ്റ്റേഷനിൽ ഒരു വനിതാ സിവിൽ പോലീസ് ഓഫീസർ ഉൾപ്പെടെ 5 സിവിൽ പോലീസ് ആഫീസർമാർ എന്ന കണക്കിൽ ആകെ 740 സിവിൽ പോലീസ് ആഫീസർമാരുടെ അധിക തസ്തികകൾ ഈ പദ്ധതിയ്ക്കായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) ഈ പദ്ധതിയുടെ സംസ്ഥാന അവലോകനം നടത്തിയിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ? | : (ഡി) 04.08.2011-ൽ തിരുവനന്തപുരത്ത് നടന്ന ജനമൈത്രീ അവലോകന സെമിനാറിൽ വെച്ച് അവലോകനം നടത്തിയിട്ടുണ്ട്. കൂടാതെ കമ്മ്യൂണിറ്റി പോലീസിനെ സംബന്ധിച്ച അന്താരാഷ്ട്ര സെമിനാറിൽ കേരളത്തിലെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തലും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ